"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ്- ബേപ്പൂർ തുറമുഖത്തെ കണ്ടെയിനർ ഹാൻ്റ് ലിംഗ് ലിബർ ക്രെയിനിലെ ഉപയോഗത്തിലേക്കായി 4 എണ്ണം 12 Volt 100 AH മെയിൻ്റനൻസ് ഫ്രീ ബാറ്ററി ബൈബാക്ക് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.438/2025/F&P തീയതി,തിരുവനന്തപുരം, 20-06-2025

---

പരാമർശം:- കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 11/6/2025 ലെ HOKMB-TVM/597/2025-D1 (Tech)നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ബേപ്പൂർ തുറമുഖത്തെ കണ്ടെയിനർ ഹാൻ്റിലിംഗ് ലിബർ ക്രെയിൻ സ്റ്റാർട്ട് ചെയ്യാൻ സാധിക്കാത്തതിനാൽ ആയതിന് സാധ്യമാക്കുന്ന ക്രെയിനിലെ 4 എണ്ണം 12 Volt 100 AH ബാറ്ററികൾ അഴിച്ചെടുത്ത് തുറമുഖത്തെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം വർക്ഷോപ്പിൽ എത്തിച്ച് ചാർജ്ജ് ചെയ്യെങ്കിലും ചാർജ്ജ് നിൽക്കാത്ത അവസ്ഥയിലാണെന്ന് കണ്ടെത്തുകയും ആയതിൻ്റെ വാറണ്ടി പിരീഡ് കഴിഞ്ഞതിനാൽ ക്രയിനിൻ്റെ ഉപയോഗത്തിലേക്കായി പുതിയ ബാറ്ററികൾ ബൈബാക്ക് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിനായി M/s Exide Shoppe, Calicut എന്ന സ്ഥാപനം സമർപ്പിച്ച 58,800/- രൂപയുടെ ബഡ്ജറ്ററി ഓഫർ കോഴിക്കോട് തുറമുഖ ഓഫീസർ സമർപ്പിച്ചിട്ടുണ്ടെന്നും ക്രെയിനിൻ്റെ പ്രവത്തനത്തിന് ബാറ്ററികൾ അത്യന്താപേക്ഷിതമായ ഒന്നായതിനാൽ ബേപ്പൂർ തുറമുഖത്തെ കണ്ടെയിനർ ഹാൻ്റ് ലിംഗ് ലിബർ ക്രെയിനിലെ ആവശ്യത്തിലേക്കായി പുതിയ 4 എണ്ണം 12 V, 100 AH ബാറ്ററികൾ ബൈബാക്ക് വ്യവസ്ഥയിൽ വാങ്ങുന്നതിന് ഭരണാനുമതി "5051-80-800-98 Augmentation of workshop and store organization- 24 Materials and Supplies" എന്ന ശീർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിയ്ക്കണമെന്ന് കേരള മാരിടൈംബോർഡ് സി.ഇ.ഒ പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിയ്ക്കുയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി. ബേപ്പൂർ തുറമുഖത്തെ കണ്ടെയിനർ ഹാൻ്റ് ലിംഗ് ലിബർ ക്രെയിനിലെ ആവശ്യത്തിലേക്കായി പുതിയ 4 എണ്ണം 12 V, 100 AH ബാറ്ററികൾ ബൈബാക്ക്

വ്യവസ്ഥയിൽ വാങ്ങുന്നതിന് **58,800/-** (അൻപത്തി എട്ടായിരത്തി എണ്ണൂറ് രൂപ മാത്രം) രൂപയുടെ ഭരണാനുമതി **"5051-80-800-98 Augmentation of workshop and store organization - 24 Materials and Supplies"** എന്ന ശീർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു വി കെ
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കേരളമാരിടൈംബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Anitha R S
Date: 20-06-2025 16:37:09